# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

ഉത്തരവ് നമ്പർ ഇ1/13719 /14 തിരുവനന്തപുരം

തീയതി : 18-08-2014

വിഷയം - സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - ശ്രീമതി പ്രസന്നകുമാരി സി. ആർ ശിശുവികസന പദ്ധതി ആഫീസർ , വാമനപുരം - അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം - 1) 05-04-2014 ലെ വാമനപുരം ശിശുവികസന പദ്ധതി ആഫീസറുടെ അപേക്ഷ

2) ഈ കാര്യാലയത്തിലെ 07-04-2014 ലെ മേൽ നമ്പർ ഉത്തരവ്

വാമനപുരം ശിശുവികസന പദ്ധതി ആഫീസർ ശ്രീമതി പ്രസന്നകുമാരി സി. ആർ വ്യക്തിപരമായ ആവശ്യത്തിന് 07-04-2014 മുതൽ 31-07-2014 വരെ അർദ്ധവേതനാവധി അനുവദിക്കണമെന്ന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസപ്പെടാതിരിക്കുന്നതിന് പരാമർശം 2 പ്രകാരം ചുമതല മാറ്റി നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ജീവനക്കാരിയുടെ അപേക്ഷ പരിഗണിച്ച് വാമനപുരം ശിശുവികസന പദ്ധതി ഓഫീസർ ശ്രീമതി . പ്രസന്നകുമാരി സി. ആർ ന് 07-04-2014 മുതൽ 31-07-2014 വരെ അർദ്ധവേതനാവധി

അർഹതാവിധേയമായി അനുദിച്ചുകൊണ്ടും പൊതു അവധി ദിവസമായ 06-04-2014 അവധിയ്ക്ക് മുന്നിൽ ചേർക്കുന്നതിനും അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

വാമനപുരം ശിശുവികസന പദ്ധതി ഓഫീസർ ശ്രീമതി പ്രസന്നകുമാരി സി. ആർ അവധിയിൽ പ്രവേശിച്ചിരുന്നില്ലായിരുന്നുവെങ്കിൽ ഇതേ തസ്തികയിൽ തന്നെ തുടരുമായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ശ്രീമതി . പ്രസന്നകുമാരി സി. ആർ
ശിശുവികസന പദ്ധതി ഓഫീസർ, വാമനപുരം

പകർപ്പ്

എക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം.
ജില്ലാ സാമൂഹ്യനീതി ഓഫീസർ, തിരുവനന്തപുരം.
ജില്ലാ പ്രോഗ്രാം ഓഫീസർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്